LIBRARY ARCHIVES Kerala Legislative Assembly

വയലപ്ര റഗുലേറ്റർ-കം-ബ്രിഡ്ജ്

173 (862) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴയ്ക്ക് കുറുകെ വയലപ്രയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദീകരിക്കുമോ ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിന് അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ

174 (863) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര തടയണകൾ പ്രവർത്തിക്കുന്നുണ്ട്; ആയതു വഴി എത്ര പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്;

(ബി) 2015-16 വർഷം എത്ര തടയണകൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പല ഭാഗങ്ങളിലും വെള്ളം ലഭ്യമാക്കുവാൻ സഹായകമായ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; ഇതിന് ആകെ എത്ര തുക അനുവദിച്ചു ; എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി തുക അടിയന്തരമായി അനുവദിച്ച്, പ്രസ്തുത തടയണ കമ്മീഷൻ ചെയ്യുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-2015 കാലയളവിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 439 തടയണകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തടയണകളുടെയും അതുമൂലം ലഭ്യമാക്കുന്ന പ്രയോജകരുടെയും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 2014-2015 സാമ്പത്തിക വർഷത്തിൽ 190 ചെക്ക്ഡാമുകൾക്ക് അനുമതി നൽകി. ഇവയിലേയ്ക്ക് 110.38 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഏകദേശം 15-ഓളം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ കബനി, ഭവാനി എന്നീ റിവർ ബേസിനുകളിലായി 6 ചെക്ക്ഡാമിന് 469 കോടി രൂപ അനുവദിച്ചു. അവയുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിക്കുവേണ്ടി 2007-ൽ 5.0 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. നിലവിലുണ്ടായിരുന്ന കരാറുടമ്പടി റദ്ദു ചെയ്തതിനാൽ ടി തടയണയുടെ ബാക്കിയുള്ള പണിയുടെ 14.50 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിലേക്കായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ അനുമതിയൊന്നും ലഭിച്ചിട്ടില്ല. അനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) ചെറുതുരുത്തി തടയണ പൂർത്തീകരിച്ചാൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊണ്ടാഴി, പഞ്ഞാർ, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിലേയും വാണിയംകുളം പഞ്ചായത്തിലെ പല ഭാഗങ്ങളിലെയും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെയും ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും. കൂടാതെ, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനുവേണ്ട ജലവും ലഭ്യമാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.